(ബി) ഉണ്ടെങ്കിൽ അതിന്റെ എസ്റ്റിമേറ്റ് എടുക്കുവാൻ തയ്യാറാകുമോ;

(സി) ഈ റോഡിന്റെ പണി എത്രയും വേഗം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(സി) എസ്റ്റിമേറ്റ് റോഡ്സ് ആൻഡ് ബ്രിഡ്ജസ് ചീഫ് എഞ്ചിനീയറുടെ പരിശോധനയിലാണ്. പ്രാഥമിക നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്.

കരമന—വാണിയമ്മൂല—ജഗതി റോഡ്

1149 [2089] ശ്രീ. പി. സീതിഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) പൂജപ്പുര ഗവൺമെന്റ് കാർട്ടേഴ്സിലെ താമസക്കാർക്കും നാട്ടുകാർക്കും യാത്രയ്ക്കുള്ള ഏക അവലംബമായ കരമന—വാണിയമ്മൂല—ജഗതി റോഡിന്റെ ശോച്യാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ റോഡിന്റെ അറകുറപ്പണി തീർത്ത് റീടാർ ചെയ്യുന്നത് സംബന്ധിച്ചുള്ള നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(സി) ഈ റോഡിന്റെ പണി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ റോഡിന്റെ കരമന മുതൽ വാണിയമ്മൂല വരെയുള്ള ഭാഗത്തിന്റെ അറകുറപ്പണികൾ ചെയ്യാൻ ഏർപ്പാട് ചെയ്തുകഴിഞ്ഞു. ശേഷിച്ച ഭാഗത്തിന്റെ ടാറിംഗ് നടത്താൻ ഏർപ്പാട് ചെയ്യേണ്ടതുണ്ട്.

(സി) മുകളിൽ പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ആദ്യം പറഞ്ഞ ഭാഗം മൂന്നുമാസം കൊണ്ട് പൂർത്തിയാകും. ബാക്കിയുള്ളത് ഏർപ്പാട് ചെയ്യേണ്ടതുണ്ട്.

കുഴിമണ്ണ—ഓമന്നൂർ റോഡ്

1150 [2091] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കുഴിമണ്ണ—ഓമന്നൂർ റോഡ് സർക്കാർ ഏറെടുക്കാൻ ഉത്തരവായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) കുഴിമണ്ണ തവനൂർ ഓമന്നൂർ എന്ന റോഡ് ഏറെടുക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly